# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം**
**നമ്പർ : 47**

**09.02.2016 - ൽ മറുപടിക്ക്.**

## വ്യവസായത്തകർച്ച

ചോദ്യം

ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. രാജു എബ്രഹാം
ശ്രീ. കെ.കെ. നാരയണൻ
ശ്രീ. കെ. ദാസൻ.

**മറുപടി**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയവും നിലപാടുകളും സംസ്ഥാനത്ത് പൊതുവേയും വ്യവസായ നഗരമായ എറണാകുളത്ത് പ്രത്യേകിച്ചും വ്യവസായങ്ങളെ തകർച്ചയിലെത്തിച്ചുവെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(എ) : കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയവും നിലപാടുകളും മൂലം സംസ്ഥാനത്ത് പൊതുവേയും വ്യവസായ നഗരമായ എറണാകുളത്ത് പ്രത്യേകിച്ചും വ്യവസായത്തകർച്ച നേരിടുന്നു എന്ന ആക്ഷേപം നിലവിൽ ഇല്ല. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, സാങ്കേതിക വിദ്യാ മാറ്റം, ഇറക്കുമതി ചെയ്യപ്പെടുന്ന സമാന ഉത്പന്നങ്ങളിൽനിന്നുമുള്ള മത്സരം, ആഗോളവത്ക്കരണത്തിന്റെ വിപണി മത്സരം എന്നിവ വൻകിട-ഇടത്തരം വ്യവസായങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

എന്നാൽ കേരളത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം (MSME) സെക്ടറിന് 14% വളർച്ചയുണ്ടായിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് 7557 വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല 12539 സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ഇ.എം. പാർട്ട് 1 ഫയൽ ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനായി വ്യവസായ നഗരമായ എറണാകുളത്ത് കിൻഫ്രയുടെ കാക്കനാട് കയറ്റുമതി അധിഷ്ഠിത

വ്യവസായ പാർക്കും കളമശ്ശേരിയിലെ ഹൈടെക് പാർക്കും പൂർണതോതിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഇതിലൂടെ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) വൻ പുരോഗതിയിലെത്തിക്കാവുന്ന വൻകിട വ്യവസായ സ്ഥാപനങ്ങളടക്കം കെടുകാര്യസ്ഥതയും നയവൈകല്യങ്ങളും കാരണമാണ് തകർച്ച നേരിടുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) & : (സി) ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രതികൂല സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനും വിപണിയിലെ മത്സരങ്ങൾ നേരിടുന്നതിനും ആവശ്യമായ സാമ്പത്തിക സഹായങ്ങളും മറ്റും നൽകി വരുന്നുണ്ട്. മാത്രമല്ല ഈ സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിധ്യവത്കരണത്തിന് 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വ്യവസായ സംരക്ഷണത്തിനും തൊഴിലാളികളുടെ ഉന്നമനത്തിനും ഊന്നൽ നൽകികൊണ്ട് സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) വ്യവസായങ്ങളുടെ തകർച്ച സ്വകാര്യ മേഖലയിലടക്കം ജോലി ചെയ്യുന്ന തൊഴിലാളികളെ പട്ടിണിയിലേക്ക് തള്ളി വിടുകയാണെന്ന് ട്രേഡ് യൂണിയനുകൾ നിവേദനം നൽകിയിട്ടും വ്യവസായങ്ങളുടെ സംരംക്ഷണത്തിന് യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

സെക്ഷൻ ഓഫീസർ.